compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 07
Tuesday, 07th April 2026

1201 മീനം 24
24th Meenam 1201

1948 ചൈത്രം 17
17th Chaithra 1948

വാല്യം 15
Vol. XV

നമ്പർ / No. **14**

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൈൽഡ് ലൈഫ് ഡിവിഷൻ, തിരുവനന്തപുരം

എ- 1183/2024 തീയതി : 26/03/2025

തൊണ്ടിലേല പരസ്യം

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ ഉൾപ്പെട്ട തൊണ്ടിവകകളും, സ്ക്രാപ്പുകളും അപകട ഭീഷണി ഉയർത്തിയ വൃക്ഷങ്ങൾ മുറിച്ചുനീക്കിയതും ഉൾപ്പെടെയുള്ള വഹകൾ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽ വച്ച് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡനോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതായിരിക്കും.

01/11/2016 ൽ പ്രസിദ്ധീകരിച്ച 43 ആം നമ്പർ കേരള ഗസറ്റിൽ വാല്യം- 5 ൽ പ്രസിദ്ധീകരിച്ച ഇതര ലേല വ്യവസ്ഥകൾക്കും തിരുവനന്തപുരം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സ്) അവർകളുടെ 21/11/2015 തീയതിയിലെ പ്രൊ(4)-26243 നമ്പരായി 15/12/2012 ലെ 49 ആം നമ്പർ കേരള ഗസറ്റ് വാല്യം-4 ൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതാണ്. കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക്, എന്നിവ ലേലം ചെയ്യുന്നതിന് 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും മറ്റു തടികൾക്ക് 10,000/- (പതിനായിരം രൂപ മാത്രം) രൂപയും മറ്റ് വന വിഭവങ്ങൾക്ക് 2000/- (രണ്ടായിരം രൂപ മാത്രം) രൂപയും നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വന വിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉത്പന്നങ്ങളുടെ/വനവിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ ലേലക്കാർകണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിന് ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്ക് ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവൃത്തിദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വെച്ച് നടത്തുന്നതാണ്.

1. വിജയിയായ ലേലക്കാരൻ ലേലം കഴിഞ്ഞയുടനെ ലേലം കൊണ്ട ഉൽപ്പന്നത്തിന്റെ മൊത്തം വില 20,000/- രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലം കൊണ്ട ഉൽപ്പന്നത്തിന്റെ വില 20,000/- രൂപയിൽ കൂടുതലാണെങ്കിൽ മൊത്തം ലേല തുകയുടെ 35% കുറഞ്ഞത് 20,000/- രൂപയും കൂടിയത് 1,00,000/- രൂപയും എന്ന കണക്കിൽ ഇ-ട്രെഷറി മുഖേനയോ ദേശസാൽകൃത ബാങ്കിലോ നിഷ്കർഷിക്കപ്പെടുന്ന ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. നിരതദ്രവ്യമായി അടച്ച തുക മേൽപ്പടി തുകയിൽ ഉൾപ്പെടുത്തുന്നതാണ്.
2. വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കാവുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) മുഴുവൻ ലേലത്തുകയും വന വികസന നികുതിയും ചരക്ക് സേവന നികുതിയും ലേലം സ്ഥിതീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. മുഴുവൻ ലേലത്തുകയും 15 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12% പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി വൈൽഡ് ലൈഫ് വാർഡന് ദീർഘിപ്പിച്ചു നൽകുന്നതാണ്. 18% പിഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പലിശ ഒടുക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ബഹു. ഫോറസ്റ്റ് കൺസർവേറ്റർ, എ.ബി.പി സർക്കിൾ അവർകൾക്ക് അധികാരമുണ്ടായിരിക്കും.

3. ദീർഘിപ്പിച്ച് നൽകുന്ന രണ്ട് കാലാവധിയ്ക്കുള്ളിലും മേൽപ്പറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ച്ച വരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരുദ്രവ്യവും മറ്റെല്ലാ ദ്രവ്യവും സർക്കാരിലേയ്ക്ക് കണ്ട്കെട്ടുന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

റെയിഞ്ച്	04/26	05/26	06/26	07/26	08/26	09/26	10/26	11/26	12/26
എ.ബി.പി റെയിഞ്ച്, കോട്ടൂർ	17	20	10	14	11	15	12	13	14
നെയ്യാർ	23	25	18	17	20	18	22	19	22
പേപ്പാറ	28	29	24	30	24	24	28	25	30

(ഒപ്പ്)

തിരുവനന്തപുരം
26/03/2026

വൈൽഡ് ലൈഫ് വാർഡൻ
തിരുവനന്തപുരം
കേരള ഗവർണ്ണർക്ക് വേണ്ടി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള വനം വകുപ്പ്
കോതമംഗലം ഡിവിഷൻ

നം: KFDDO/13019/2026/DFOKGLM G2 **തീയതി: 06.04.2026**

ഇ-ലേല പരസ്യം

കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിലെ 1956 തേങ്കോടം തേക്ക് തോട്ടത്തിലെ മൃദുമരങ്ങൾ, ഫൈനൽ ഫെല്ലിംഗ് ജോലികളുടെ ഭാഗമായി നിൽപ്പ് അവസ്ഥയിലും, 10.12.2013 -ലെ 49-ാം നമ്പർ വാള്യം II (നോട്ടിഫിക്കേഷൻ നം: Pro (5) 26274/12 തീയതി : 22.11.2013), കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2024 ലെ Pro (4) - 29243/20213 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കും, വനംവകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും വിധേയമായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ഇ-ലേലത്തിലൂടെ വിൽക്കുന്നതാണ്. പട്ടികയിൽ പറയുന്ന ഉൽപ്പന്നങ്ങൾ ഉദ്ദേശ അളവാണ്. ഇ-ലേലത്തിൽപങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുൻപ് 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ) ഓൺലൈനായി നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ ലേലത്തുകയുടെ 35%, ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം 'ഇ-പേയ്മെന്റായി' അടയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമ പ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ എഫ്.ഡി.റ്റി ആദായനികുതി, ജി.എസ്. ടി . മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതാണ്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം SBI യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഇ.ലേല പ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓൺലൈൻ ഇ-ലേല പ്രമാണങ്ങളോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുമ്പ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC യിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്ക്കിൽ നിന്നോ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (ലേലക്കാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസും) ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ലേലക്കാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി പൊതുലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കുമുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനക്ക് വയ്ക്കുന്ന ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കിഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ ഇ-ലേലത്തിൽ വിൽക്കുകയുള്ളൂ.

ക്രമ നം.	റെയിഞ്ച്	തോട്ടത്തിന്റെ പേര്	ഉൽപ്പന്നത്തിന്റെ വിവരം	അളവ്
1	കാളിയാർ	1956 തേങ്കോടം തേക്ക് തോട്ടം	വിവിധ ഇനങ്ങളിലുള്ള നിൽപ്പ് മൂട്ടു മരങ്ങൾ	221 m^3

നിരതദ്രവ്യം : 25,000/- രൂപ

ഇ-ലേല തീയതി : 13.04.2026, 20.04.2026, 29.04.2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബാഗ്ലൂർ എം.എസ്.റ്റി.സി.ലിമിറ്റഡിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ കാളിയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്- (ഫോൺ നം. 0485 2822317)
കാളിയാർ റെയിഞ്ച് ഓഫീസ് (ഫോൺ നം.0486 222247591, 8547601302)

ഒപ്പ്

സ്ഥലം: കോതമംഗലം
തീയതി: 06.04.2026

സൂരജ് ബെൻ കെ. ആർ. ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം
(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലയാറ്റൂർ ഡിവിഷൻ

ഇ-ലേല പരസ്യം

KFDDO/29384/2023-DFOMLTR – B1 തീയതി : 28/03/2026

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള കോടനാട്, കാലടി, കുട്ടമ്പുഴ, തു ത്തിൽ, ഇടമലയാർ എന്നീ റെയിഞ്ചുകളിലെ വനം കേസുകളിൽപ്പെട്ടതും വിൽപനക്ക് യോഗ്യമായിട്ടുള്ളതുമായ തൊ ിതടികൾ, കാറ്റിൽ കടപുഴകി വീണ് ലഭിച്ച തടികൾ, അപകടകരമായി നിന്നിരുന്ന മരങ്ങൾ മുറിച്ച് ശേഖരിച്ച തടികൾ, വിറക്, അപകടാവസ്ഥയിൽ നിൽക്കുന്ന മൃദുമരങ്ങൾ തുടങ്ങിയവ അതാത് ഫോറസ്റ്റ് റെയിഞ്ച് ഓഫീസുകളിൽ വച്ച് 2026 വർഷത്തിൽ താഴെ പട്ടികയിൽ പറയുന്ന തീയതികളിൽ രാവിലെ 11 മണിക്ക് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ 10/12/2013-ലെ 49-ാം നമ്പർ കേരള ഗസറ്റിൽ അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം നമ്പർ പ്രൊ (5)-26274/12 തീയതി 22/11/2013 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നിബന്ധനകളും അവയ്ക്ക് കാലാകാലങ്ങളിൽ ഉ ായേക്കാവുന്ന മാറ്റങ്ങളും കൂട്ടിച്ചേർക്കലുകൾക്കും വിധേയമായി ലേലം/ദർഘാസ് പ്രകാരം വിൽക്കുന്നതായിരിക്കും. കോടതിയുടെ അനുവാദത്തോടെ ലേലം ചെയ്യുന്ന തൊ ിയുടെ മുഴുവൻ വിലയും ലേല ദിവസം തന്നെ ഒടുക്കേ താണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിനു മുമ്പ് നിരതദ്രവ്യമായി ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000/-(ഇരുപതിനായിരം) രൂപയും, മറ്റ് തടികൾക്ക് 10,000/- (പതിനായിരം) രൂപയും മറ്റ് വനവിഭവങ്ങൾക്ക് 2,000/- (ര ായിരം) രൂപയും പണമായി ദർഘാസിനൊപ്പം കെട്ടിവയ്ക്കേ താണ്. നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേല വിലയുടെ 35% തുക ഒടുക്കേ താണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് ക ുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

വിജയിയായ ലേലക്കാരൻ നിലവിൽ ഉള്ള നിരക്കിൽ ചരക്കുസേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	കോടനാട്	കാലടി	കുട്ടമ്പുഴ	തു ത്തിൽ	ഇടമലയാർ
ഏപ്രിൽ 2026	06/04/2026	16/04/2026	22/04/2026	24/04/2026	29/04/2026
മെയ് 2026	07/05/2026	14/05/2026	21/05/2026	26/05/2026	29/05/2026
ജൂൺ 2026	03/06/2026	10/06/2026	17/06/2026	24/06/2026	27/06/2026
ജൂലൈ 2026	02/07/2026	08/07/2026	15/07/2026	22/07/2026	29/07/2026
ഓഗസ്റ്റ് 2026	05/08/2026	07/08/2026	13/08/2026	18/08/2026	21/08/2026
സെപ്തംബർ 2026	02/09/2026	09/09/2026	16/09/2026	23/09/2026	25/09/2026
ഒക്ടോബർ 2026	07/10/2026	09/10/2026	14/10/2026	22/10/2026	28/10/2026
നവംബർ 2026	04/11/2026	11/11/2026	18/11/2026	25/11/2026	28/11/2026
ഡിസംബർ 2026	02/12/2026	09/12/2026	16/12/2026	23/12/2026	29/12/2026

ഏതെങ്കിലും കാരണവശാൽ ലേലം ഭാഗികമായോ മുഴുവനായോ നടക്കാതെ വന്നാൽ ശേഷിക്കുന്ന ഉൽപന്നങ്ങളും പുതിയവ ഉ ങ്കിൽ ആയതും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന അടുത്ത തീയതിയിൽ വീ ും ലേലം നടത്തുന്നതായിരി ക്കും.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി ഓരോ ലോട്ടിലുമുള്ള മരങ്ങൾ ക ് ബോദ്ധ്യപ്പെടേ തും അവ സംബന്ധിച്ച് യാതൊരു പരാതികളും ലേലത്തിനു ശേഷം പരിഗണിക്കുന്നതുമല്ല. കൂടുതൽ വിവരങ്ങൾക്ക് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : dfo-mytr.for@kerala.gov.in

ഫോൺ നമ്പർ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് – 0484 2649052
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാലടി – 0484 2462367, 8547604225
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കോടനാട് – 0484 2640218, 8547604182
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, തു ത്തിൽ –0485 2889333, 8547604333
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, ഇടമലയാർ – 0485 2582022, 8547604286
റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കുട്ടമ്പുഴ – 0485 2888273, 8547604260

(ഒപ്പ്)
കുറ ശ്രീനിവാസ് ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മലയാറ്റൂർ
(കേരള ഗവർണർക്കുവേ ി)

സ്ഥലം : കോടനാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.07 04:03:51 +05:30